**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **12-06-2024 - ൽ മറുപടിയ്ക്ക്**

**സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ സിനിമ വ്യവസായത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള രാജ്യാന്തര ചലച്ചിത്രമേളയിലേക്കു (IFFK) തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകിവരുന്നു. രണ്ടു ലക്ഷം രൂപവീതം 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവുകൾ പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാള ചലച്ചിത്ര കലയുടെയും വ്യവസായത്തിന്റെയും വികാസപരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവഹിച്ചു വരുന്നു. മലയാള ചലച്ചിത്ര പൈതൃക സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി 6 സിനിമകളുടെ ഡിജിറ്റൽ റെസ്റ്റോറേഷനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഇതിനകം നടത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന സിനിമാ ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്കും മറ്റ് കലാകാരന്മാർക്കും നിലവിൽ 4,000/- രൂപ വീതം പെൻഷനും, 1,100/- രൂപ വീതം കുടുംബ പെൻഷനും അവശതാ പെൻഷനും, 1,50,000/- രൂപ വീതം ചികിത്സാ ധനസഹായം, 10,000/- രൂപ വീതം മരണാനന്തര ധനസഹായം, 25,000/- രൂപ വിവാഹ ധനസഹായം എന്നിവ ക്ഷേമനിധി ആക്റ്റ് പ്രകാരം നൽകി വരുന്നു. 1,000/- രൂപ ആയിരുന്നു സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ നൽകികൊണ്ടിരുന്നത്. 2016 മുതൽ 1,000/- രൂപ എന്ന പെൻഷൻ തുക മൂന്ന് തവണകളായി 4,000/- |

| | | | |
|---|---|---|---|
| | | | രൂപ ആയി വർദ്ധിപ്പിച്ചു. ഫാമിലി പെൻഷൻ 750/- രൂപ എന്നത് 1,100/- രൂപ എന്ന നിലയിലാക്കി വർദ്ധിപ്പിച്ചു. ക്ഷേമനിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്ത അംഗങ്ങളായ കലാകാരന്മാർക്ക് 2016 മുതൽ 1,100/- രൂപ വീതം അവശതാപെൻഷൻ അനുവദിച്ചു. 75,000/- രൂപ ആയിരുന്ന ചികിത്സാ ധനസഹായം 2016 ൽ 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു.<br><br>സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2016 മുതൽ പുതിയ സിനിമാശാലകൾ ആരംഭിക്കുന്നതിന് ചലച്ചിത്രവികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>എവിടെയൊക്കെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2017-2018 ബജറ്റിൽ കിഫ്ബി സാമ്പത്തിക സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച സ്ഥലത്ത് തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുവാനായി 100 കോടി രൂപ അനുവദിച്ചു. ആയത് പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച സ്ഥലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കുവാൻ ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കുകയും അപ്രകാരം അംഗീകാരം ലഭിച്ച കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ, വൈക്കം തീയേറ്ററുകൾ ടെൻഡർ ചെയ്തു പ്രസ്തുത കരാറുകാർക്ക് നിർമ്മാണ ചുമതല കൈമാറി നൽകുകയുമുണ്ടായി. ടി തീയേറ്റർ സമുച്ചയങ്ങളുടെ സ്ട്രക്ച്ചറൽ വർക്ക്, റൂഫിംഗ് വർക്ക്, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിംഗ് വർക്ക് മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്. ഫിനിഷിങ് വർക്കുകളും എക്സ്റ്റേണൽ യൂട്ടിലിറ്റി വർക്കുകളും പുരോഗമിച്ചു വരുന്നു. കൂടാതെ തീയേറ്റർ എഞ്ചിനീയറിംഗ് വർക്കുകളിൽ ഉൾപ്പെട്ട അകൗസ്റ്റിക് പ്ലസ് സ്ക്രീൻ ഫ്രെയിം വർക്കുകൾ ടെൻഡർ ചെയ്ത് കരാറുകാരൻ കരാർ ഉറപ്പിക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>പേരാമ്പ്ര തീയേറ്റർ സമുച്ചയം ടെൻഡർ ചെയ്തിരുന്നുവെങ്കിലും കരാറുകാരൻ ചില സാങ്കേതിക കാരണത്താൽ പിന്മാറുകയുണ്ടായി. അതോടൊപ്പം ഈ പദ്ധതിക്കു വേണ്ടി കണ്ടെത്തിയ ജലസേചന വകുപ്പിന്റെ സ്ഥലം നാളിതുവരെ കെ.എസ്.എഫ്.ഡി.സി.ക്ക് കൈമാറി നൽകിയിട്ടില്ല. കൂടാതെ കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിന്റെ അധീനതയിലുള്ള വ്യാവസായിക സമുച്ചയത്തിൽ 2 തീയേറ്റർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ 100 കോടി രൂപ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനിൽ ഉൾപ്പെടുത്തി 11 സ്ക്രീനുകളിൽ 9 സ്ക്രീനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ച് വരുന്നു. ബാക്കി 2 തീയേറ്ററുകൾ നിർമ്മിക്കുവാൻ വേണ്ട റീടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. എല്ലാ തീയേറ്ററുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സിനിമയുടെ വിവിധ മേഖലകളിലേക്ക് പ്രവേശിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സിനിമമേഖലയിലേക്ക് കൂടുതൽ യുവജനങ്ങളെ ആകർഷിക്കുന്നതിലേക്കായി അന്താരാഷ്ട്ര ചലച്ചിത്രമേളയോട് അനുബന്ധിച്ച് 'കേരള ഫിലിം മാർക്കറ്റ്' എന്ന ഒരു ആശയത്തിന് കെ.എസ്.എഫ്.ഡി.സി. തുടക്കം കുറിച്ചിട്ടുണ്ട്. തുടർവർഷങ്ങളിലും ഫിലിം മാർക്കറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഐ.എഫ്.എഫ്.കെ. യുടെ മലയാള സിനിമ റ്റുഡേ വിഭാഗത്തിലേക്കു തെരഞ്ഞെടുക്കുന്ന 14 സിനിമകളിൽ 6 എണ്ണം നവാഗതരുടേത് ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വർഷവും 6 നവാഗത സംവിധായകർക്ക് ഒരു ലക്ഷം രൂപ വീതം ഈയിനത്തിൽ നൽകിവരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ നവാഗത സംവിധായക പ്രതിഭയ്ക്ക് ഒരു ലക്ഷം രൂപയുടെ പുരസ്കാരം ചലച്ചിത്ര അക്കാദമി വഴി നൽകിവരുന്നു. മലയാള സിനിമയുടെ സാങ്കേതിക രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു തൊഴിൽപരിശീലന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രൊഡക്ഷൻ മാനേജ്മെന്റ്, ലൈറ്റിംഗ്, ആർട്ട് ആന്റ് ഡിസൈൻ, വസ്ത്രാലങ്കാരം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവിഷൻ, മാർക്കറ്റിംഗ് ആന്റ് പബ്ലിസിറ്റി എന്നീ വിഭാഗങ്ങളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 18 വയസ്സ് പൂർത്തിയായ, സിനിമയുടെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അംഗത്വത്തിനായി അപേക്ഷിക്കുവാൻ അവസരം നൽകുന്നുണ്ട്. അംഗത്വം ലഭിക്കുന്നവർക്ക് ക്ഷേമനിധി ആക്റ്റ് പ്രകാരമുള്ള ധനസഹായങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2016 മുതൽ സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ

മലയാള സിനിമാ വ്യവസായത്തിന്റെ വളർച്ചക്കായി കലാമൂല്യമുള്ള ചലച്ചിത്രങ്ങൾ ഒരേസമയം പ്രേക്ഷകരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുക എന്ന പദ്ധതി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

2023 ജനുവരി 23 ന് സിനിമാ പ്രൊഫഷണലുകൾക്കായി തിരുവനന്തപുരത്ത് വെച്ച് ഒരു സിനി-എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. ചലച്ചിത്ര നിർമാണത്തിനാവശ്യമായി വരുന്ന നൂതന സാങ്കേതിക/ഉപകരണ/സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംഘടിപ്പിച്ച എക്സ്പോയിൽ ക്യാമറ, ലൈറ്റിംഗ് തുടങ്ങി നിരവധി ഉപകരണങ്ങളുടെ വിവിധ കമ്പനികൾ പങ്കെടുത്തു. ഇതിന്റെ പശ്ചാത്തലത്തിൽ 2023 ഡിസംബറിൽ ചലച്ചിത്ര അക്കാദമി നടത്തിയ ഫിലിം ഫെസ്റ്റിനൊപ്പം ടാഗോർ തീയേറ്ററിൽ വച്ച് മൂന്ന് ദിവസത്തെ സിനി-എക്സ്പോയും മസ്കറ്റ് ഹോട്ടലിൽ വച്ച് കേരള ഫിലിം മാർക്കറ്റിന്റെ ആദ്യ എഡിഷനും നടത്തുകയുണ്ടായി. മലയാള സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക, സിനിമയുമായി ബന്ധപ്പെട്ട കൂടുതൽ അറിവ് ജനങ്ങളിലെത്തിക്കുക, നിർമ്മാണം മുതൽ വിൽപ്പന / വിതരണ ഘട്ടങ്ങൾ വരെയുള്ള പ്രവർത്തനങ്ങൾ, അനിമേഷൻ, വിഷ്വൽ എഫക്ട്, കോമിക്സ്, ഗെയ്മിംഗ് എന്നിവയെക്കുറിച്ചുള്ള വിശദമായ ക്ലാസ്സ് സെഷനുകൾ എന്നിവയും ടാഗോറിൽ തയ്യാറാക്കിയ വ്യൂവിങ് റൂം സംവിധാനവുമെല്ലാം കേരള ഫിലിം മാർക്കറ്റിന്റെ സവിശേഷതകളായിരുന്നു. ഒപ്പം സിനി-എക്സ്പോ എന്ന ബിസിനസ് ടു ബിസിനസ് പ്ലാറ്റ്ഫോം സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്കും മാറിക്കൊണ്ടിരിക്കുന്ന ടെക്നോളജി പരിചയപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള വേദിയൊരുക്കി.

- 2024 മാർച്ച് 7 മുതൽ രാജ്യത്തെ സർക്കാരിന്റെ കീഴിലുള്ള ആദ്യത്തെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം ആയ കേരള സർക്കാരിന്റെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം സി-സ്പേസ് പ്രവർത്തനം ആരംഭിച്ചു. 42 സിനിമകളോടുകൂടി ആരംഭിച്ച സി-സ്പേസ് ഒ.റ്റി.റ്റി.യിൽ ക്യൂറേറ്റഡ് കണ്ടന്റുകൾ മാത്രമാണ് പ്രർശിപ്പിക്കുന്നത്. നിലവിൽ 57 സിനിമകൾ പ്രദർശിപ്പിക്കുന്നു. സംസ്ഥാന/ ദേശീയ/ അന്തർദേശീയ അംഗീകാരങ്ങൾ നേടിയ സിനിമകൾ/ ഡോക്യുമെന്ററികൾ/ ഹ്രസ്വചിത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള ഒരു ഡിജിറ്റൽ ആർക്കൈവ് എന്ന നിലയിലുള്ള ഒരു കൾച്ചറൽ സ്പേസ് ആണ് "സി-സ്പേസ് ഒ.റ്റി.റ്റി."
- മലയാള സിനിമ വ്യവസായത്തിനു സഹായകരമാകുന്ന വിധത്തിൽ ഒരു ട്രെയ്ഡിങ് വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളിലേക്ക് കടന്നിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- മലയാള സിനിമയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായമാകുന്ന വിധത്തിൽ ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റം ഒരുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്ക് കെ.എസ്.എഫ്.ഡി.സി.

യുമായി അഫിലിയേറ്റ് ചെയ്ത് ഫിലിം ക്ലബുകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള ഫിലിം ക്ലബുകൾക്ക് കെ.എസ്.എഫ്.ഡി.സിയുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി. നിലവിൽ 10 സ്കൂളുകൾ അഫിലിയേഷനായുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

- E-Ticketing system പ്രാബല്യത്തിൽ വരുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.
- K-PHONE മായി ചേർന്ന് ഒരു ഡേറ്റാ ട്രാൻസ്ഫർ കോറിഡോർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- മലയാള ഫിലിം ഇൻഡസ്ട്രി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള റിസർച്ച് ആൻഡ് ഡെവലെപ്മെന്റ് പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.
- ചിത്രാഞ്ജലി സ്റ്റുഡിയോ ബുക്കിംഗ് സൗകര്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചു.
- 2024 ആഗസ്റ്റ് 9, 10, 11 തീയതികളിലായി കൊച്ചി കോർപ്പറേഷൻ, GCDA എന്നിവരുടെ സഹകരണത്തോടെ മറൈൻ ഡ്രൈവിൽ വെച്ച് 96 സ്റ്റാളുകളോടുകൂടി കൊച്ചി സിനി-എക്സ്പോ നടത്തുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു. സിനിമ പ്രൊഫെഷണലുകൾക്കായി സംഘടിപ്പിക്കുന്ന ഈ സിനി-എക്സ്പോ മലയാള സിനിമ വ്യവസായത്തിന് ശക്തമായ ഒരു ബിസിനസ് ടു ബിസിനസ് പ്ലാറ്റ്ഫോം ഒരുക്കുന്നു.